# 87 വർഷത്തെ പ്രശസ്ത സേവനം

www.ottapalamurbanbank.org
email : ocubank@gmail.com

Phone : 0466 2244756
0466 2244356
Fax : 0466 2247965

## ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ്
# അർബൻ ബാങ്ക് ലിമിറ്റഡ്
## നമ്പർ എഫ്-1647
ഒറ്റപ്പാലം - 679 101

# വാർഷിക പൊതുയോഗം

2024 ആഗസ്റ്റ് 31 ശനിയാഴ്ച വൈകുന്നേരം 3:30 ന്
ഒറ്റപ്പാലം പിഷാരടീസ് ഓഡിറ്റോറിയത്തിൽ

## 87-ാമത് വർഷത്തെ റിപ്പോർട്ട് &
## ആഡിറ്റ് സർട്ടിഫിക്കറ്റ് 2023-2024

### ബ്രാഞ്ചുകൾ

| | | | |
|---|---|---|---|
| ഹെഡ് ഓഫീസ് | : | 0466 2244756 | ocubank@gmail.com |
| മെയിൻ ബ്രാഞ്ച് | : | 0466 2244356 | ocubmainbranch@gmail.com |
| ലക്കിടി ബ്രാഞ്ച് | : | 0466 2950056 / 2230091 | ocublakkidi@gmail.com |
| 12 Hour ബ്രാഞ്ച് | : | 0466 2950016 / 2244271 | ocub12hr@gmail.com |
| അമ്പലപ്പാറ ബ്രാഞ്ച് | : | 0466 2950082 / 2240307 | ocubambalapara@gmail.com |
| അനങ്ങനടി ബ്രാഞ്ച് | : | 0466 2950020 / 2243314 | ocubananganadi@gmail.com |
| കൂനത്തറ ബ്രാഞ്ച് | : | 0466 2950063 / 2227378 | ocubkoonathara@gmail.com |
| പത്തിരിപ്പാല ബ്രാഞ്ച് | : | 0491 2960078 / 2873535 | ocubpathiripala@gmail.com |
| വാണിയംകുളം ബ്രാഞ്ച് | : | 0466 2950024 / 2227211 | ocubvkm@gmail.com |
| മണ്ണൂർ ബ്രാഞ്ച് | : | 0491 2960081 / 2874389 | ocubmannur@gmail.com |

# ഒറ്റപ്പാലം കോ–ഓപ്പറേറ്റീവ്
# അർബൻ ബാങ്ക് ലിമിറ്റഡ്
## നമ്പർ എഫ്–1647
ഒറ്റപ്പാലം-679 101

## നോട്ടീസ്

ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് മെമ്പർമാരുടെ ഒരു പൊതുയോഗം 2024 ആഗസ്റ്റ് 31 ശനിയാഴ്ച വൈകുന്നേരം 3:30 ന് ഒറ്റപ്പാലം പിഷാരടീസ് ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. യോഗത്തിൽ പങ്കുകൊള്ളുവാൻ എല്ലാ മെമ്പർമാരോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്,

ഒറ്റപ്പാലം<br>
13.08.2024

കല്പനപ്രകാരം<br>
ജനറൽ മാനേജർ ഇൻചാർജ്ജ്

## കാര്യപരിപാടി

1. സ്വാഗതം
2. അനുശോചന പ്രമേയം
3. അദ്ധ്യക്ഷ പ്രസംഗം
4. കഴിഞ്ഞ പൊതുയോഗത്തിന്റെ മിനുട്ട്സ്.
5. 2023-2024 വർഷത്തെ വർഷാന്ത റിപ്പോർട്ട്
6. 1.4.2023 മുതൽ 31.03.2024 കൂടിയ കാലത്തെ ഭരണ റിപ്പോർട്ട്
7. 2023-2024 കൊല്ലത്തിലെ ആഡിറ്റ് റിപ്പോർട്ടും സർട്ടിഫിക്കറ്റും അംഗീകരിക്കൽ
8. 2023-2024 വർഷത്തെ ലാഭവിഭജനം
9. 2025-2026 വർഷത്തെ കരടുബഡ്ജറ്റ് അംഗീകരിക്കൽ
10. ചോദ്യങ്ങളും പ്രമേയങ്ങളും (ചോദ്യങ്ങളും പ്രമേയങ്ങളും 27.08.2024 ന് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി ബാങ്ക് ജനറൽ മാനേജർക്ക് കിട്ടിയിരിക്കേണ്ടതാണ്).
11. ചെയർമാൻ അനുവദിക്കുന്ന മറ്റു കാര്യങ്ങൾ.
12. നന്ദി

---

**കുറിപ്പ് :-**

1. 2023-2024 ലെ ആഡിറ്റ് റിപ്പോർട്ട്, 2025-2026 വർഷത്തെ കരട് ബഡ്ജറ്റ് മുതലായവ ആവശ്യമുള്ള അംഗങ്ങൾക്ക് ബാങ്കിന്റെ ഹെഡ് ഓഫീസിൽ നിന്നോ ബ്രാഞ്ചുകളിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്.
2. മെമ്പർമാർ പൊതുയോഗത്തിന് വരുമ്പോൾ ഷെയർ സർട്ടിഫിക്കറ്റോ കടമിടപാടിന്റെ പാസ്സ് പുസ്തകമോ ഐഡന്റിറ്റി കാർഡോ കൊണ്ടുവരേണ്ടതാണ്.
3. അജണ്ടയിലെ ഓരോ ഇനത്തെയും സംബന്ധിച്ച് ചോദ്യങ്ങൾ വെവ്വേറെ അയക്കേണ്ടതാണ്.

## നിക്ഷേപങ്ങളുടെ പലിശനിരക്കുകൾ 12.01.2024 മുതൽ

| നിക്ഷേപം | പലിശനിരക്ക് |
|---|---|
| കറന്റ് നിക്ഷേപം | - |
| സേവിങ്ങ് നിക്ഷേപം | 3 % |
| **സ്ഥിരനിക്ഷേപങ്ങൾ** | |
| 15 ദിവസം മുതൽ 45 ദിവസം വരെ | 4 % |
| 46 ദിവസം മുതൽ 179 ദിവസം വരെ | 5 % |
| 180 ദിവസം മുതൽ 12 മാസത്തിന് താഴെ | 6.25 % |
| 12 മാസം മുതൽ 24 മാസത്തിന് താഴെ | 8 % |
| 24 മാസം മുതൽ 36 മാസത്തിന് താഴെ | 7.5 % |
| 36 മാസം മുതൽ 60 മാസത്തിന് താഴെ | 6.50 % |
| 60 മാസവും അതിനുമുകളിലും | 6.25 % |
| മുതിർന്ന പൗരൻമാർക്ക് കൂടുതൽ പലിശ | 0.5 % |

### നിക്ഷേപ പദ്ധതികൾ :–

1. **സ്ഥിരനിക്ഷേപം** : 8.50% വരെ പലിശ ലഭിക്കുന്നു. 85% വരെ വായ്പ സൗകര്യം. പ്രതിമാസം/ 3 മാസം കൂടുമ്പോൾ പലിശ ലഭിക്കുന്നു.

2. **റിക്കറിംഗ് നിക്ഷേപം** : 100 ക. യോ പെരുക്കങ്ങളായോ പ്രതിമാസനിക്ഷേപ പദ്ധതി 8% വരെ പലിശ. ഒരു വർഷം മുതൽ 3 വർഷം വരെ കാലപരിധി കൂട്ടുപലിശ അടിസ്ഥാനത്തിൽ പലിശകണക്കാക്കുന്നു. മിനിമം 100 രൂപ വായ്പാ സൗകര്യം.

3. **അഭിവൃദ്ധി നിക്ഷേപം** : 8% വരെ പലിശ ലഭിക്കുന്നു. കൂട്ടുപലിശ അടിസ്ഥാനത്തിൽ പലിശ കണക്കാക്കി കാലാവധിയ്ക്കു മുതലും പലിശയും ലഭിക്കുന്നു. 85% വരെ വായ്പാ സൗകര്യം.

### വായ്പകൾ :–

- നിങ്ങളുടെ ഏതു തരത്തിലുള്ള വായ്പാവശ്യങ്ങൾക്കും ഉതകുന്ന നിരവധി പദ്ധതികൾ.

- സാധാരണ പലിശ, ഫിക്സഡ് റേറ്റ്, മറ്റു ചാർജുകളൊന്നുമില്ല.

# ഒറ്റപ്പാലം കോ–ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ 2023–2024–ാമത് കൊല്ലത്തെ വർഷാന്ത റിപ്പോർട്ട്

2023-2024 കൊല്ലത്തെ ഭരണറിപ്പോർട്ട് പൊതുയോഗം മുമ്പാകെ വെക്കുവാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇതു ബാങ്കിന്റെ 87-ാമത്തെ പ്രവർത്തന വർഷമാണ്. റിപ്പോർട്ട് വർഷത്തിൽ ബാങ്കിന്റെവളർച്ചതൃപ്തികരമാണ്. ഈഭരണറിപ്പോർട്ട്പൊതുയോഗംമുമ്പാകെഅവതരിപ്പിക്കുന്നത് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഡിറ്റ് ചെയ്ത കണക്കിന്റെ അടിസ്ഥാനത്തിലാണ്. നമ്മുടെ ബാങ്കിൽ റിസർവ് ബാങ്ക് ഗൈഡ് ലൈൻ അനുസരിച്ച് റജിസ്ട്രാറുടെ അനുവാദത്തോടുകൂടി ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഡിറ്റ് ആണ്. പ്രസിദ്ധീകരിച്ച ചാർട്ടേഡ് അക്കൗണ്ടന്റ്സിന്റെ റിപ്പോർട്ട് പൊതു യോഗം മുമ്പാകെ സമർപ്പിക്കുന്നു.

## 1. മെമ്പർമാരും ഓഹരിമൂലധനവും

ബാങ്കിന്റെ അംഗീകൃത മൂലധനം ആയിരത്തിഅഞ്ഞൂറ് ലക്ഷം രൂപയാകുന്നു. റിപ്പോർട്ട് വർഷാവസാനത്തിൽ 63,662 അംഗങ്ങളിൽ നിന്നായി 23,33,252 എ ക്ലാസ് ഓഹരികളാണുള്ളത്. എ ക്ലാസ് ഓഹരി സംഖ്യ 11,66,62,575 ക. മറ്റ് ഓഹരികളില്ല.

## 2. ഡിപ്പോസിറ്റുകളും വായ്പകളും

2023-2024 വർഷാന്ത്യം ബാങ്കിലെ ഫിക്സഡ്, റിക്കറിംഗ്, സേവിങ്ങ്സ്, കറന്റ് മുതലായ സൂക്ഷിപ്പുകൾ 5,65,14,13,016.74 ക. യാണ്.

## 3. ബാങ്കിന്റെ നിക്ഷേപങ്ങൾ

ഓഹരിവകയിൽ മറ്റു സഹകരണ സ്ഥാപനങ്ങളിൽ 6,45,000 ക. യും IDBI യിൽ 1,17,000 ക. യും ജില്ലാ ബാങ്കിലും മറ്റു ബാങ്കുകളിലും കറന്റ്, സ്ഥിരം സൂക്ഷിപ്പുകളായി 1,07,55,74,118.36 ക. യും മ്യൂച്ചൽ ഫണ്ട് 12,00,00,000.00 ക. യും ഗവൺമെന്റ് സെക്യൂരിറ്റിയിൽ 2,02,74,32,727.10 ക. യും ബിൽഡിങ്ങ്സിൽ 42,47,083.63 ക. യും ഫർണിച്ചർ ഫിറ്റിങ്ങ്സിൽ 64,30,830.88 ക. യും നിക്ഷേപങ്ങളുണ്ട്.

## 4. കടങ്ങൾ

മെമ്പർമാർ ബാങ്കിൽ നിന്നുമെടുത്ത വിവിധ കടങ്ങളിലായി 31.03.2024 ന് ബാക്കി നിൽപുള്ള 3,21,67,64,853.97 ക. യിൽ 4,151.22 ലക്ഷം ക. NPA യാണ്. മുൻവർഷം വിവിധ കടങ്ങളിലായി 3,22,21,55,977.09 ക. രൂപ ബാക്കി നിൽപുണ്ടായിരുന്നു.

## 5. ലാഭം

2023-2024 വർഷത്തിൽ ബാങ്കിൽ 2,96,55,617.50 ലാഭം ഉണ്ടായിട്ടുണ്ട്. പ്രസ്തുത സംഖ്യ താഴെ കാണും വിധം വിഭജനം ചെയ്യുവാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

## ലാഭവിഭജനം

| | |
|---|---|
| റിസർവ് ഫണ്ട് | 21047274.50 |
| സഹകരണവിദ്യാഭ്യാസ ഫണ്ട് | 60000.00 |
| മെമ്പർ റിലീഫ് ഫണ്ട് | 1,00,000.00 |
| പ്രൊഫഷണൽ എജ്യുക്കേഷൻ (5%) | 14,82,781.00 |
| ബിൽഡിങ്ങ് ഫണ്ട് (5%) | 14,82,781.00 |
| പൊതുനന്മ ഫണ്ട് (5%) | 14,82,781.00 |
| പേ റിവിഷൻ & ഡി.എ. അരിയർ പ്രൊവിഷൻ | 40,00,000.00 |
| **ആകെ** | **2,96,55,617.50** |

### 6. മൂലധന പര്യാപ്തത (ക്യാപ്പിറ്റൽ ആഡിക്കസി)

31-03-2024 ൽ ബാങ്കിന്റെ Capital to Risk Asset Ratio (CRAR) 19.26% ആണ്. ഇത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള 9% ലും കൂടുതലാണ്. ഇത് അഭിമാനകരമാണ്.

### 7. മുൻഗണനാ വായ്പ

31-03-2024 ന് ബാങ്കിൽ നിന്നു 22,364.64 ലക്ഷം രൂപ മുൻഗണനാ സെക്ടറിൽ വായ്പ നൽകിയിട്ടുണ്ട്. അതിൽ തന്നെ 18,619.85 ലക്ഷം രൂപ അവശവിഭാഗങ്ങൾക്ക് (Weaker Section) വായ്പ നൽകിയിട്ടുണ്ട്. ഈ രണ്ടു വിഭാഗങ്ങളിലും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിലും അധികം വായ്പ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

### 8. ആസ്തി ഗുണമേൻമ (അസറ്റ് ക്വാളിറ്റി)

ബാങ്ക് നൽകിയിട്ടുള്ള വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നതിന് അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. NPA കുറക്കുന്നതിനായി വളരെ ഗൗരവമേറിയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. 31.03.2024 ലെ Gross NPA 4,151.22 ലക്ഷം രൂപയും അതുപോലെ Net NPA - 2,473.20 ലക്ഷം രൂപയും ആണ്.

### 9. ശാഖകൾ

ബാങ്കിന്റെ 9 ശാഖകളും ഹെഡാഫീസും നല്ല നിലയിൽ പ്രവർത്തിക്കുന്നു. 9 ശാഖകളിൽ ഒറ്റപ്പാലം 12 Hour ശാഖ, പത്തിരിപ്പാല 12 Hour ശാഖ എന്നിവ കാലത്ത് 8 മണി മുതൽ വൈകീട്ട് 8 മണി വരെ പ്രവർത്തിക്കുന്നവയാണ്. മറ്റു ശാഖകളിൽ കാലത്ത് 10 മണി മുതൽ വൈകീട്ട് 4 മണി വരെ ഇടപാടുകൾ നടത്താവുന്നതാണ്. എല്ലാ ശാഖകളും നവീന തരത്തിലുള്ള കൗണ്ടറുകളുള്ളതും Full എയർകണ്ടീഷൻ ചെയ്തതുമാണ് എന്നത് പ്രത്യേകം അറിയിക്കുന്നു. 8 ATMകൾ ഉള്ള ബാങ്കിന്റെ ATM കാർഡ് ഉപയോഗിച്ച് ഇന്ത്യയി ലെവിടെയുമുള്ള ATM പണമിടപാട് നടത്താം. എല്ലാ ബാങ്കിന്റെയും ATM കാർഡുകൾ ഉപയോഗിച്ച് നമ്മുടെ ബാങ്കിന്റെ ATM ൽ ഇടപാടു നടത്താം.

## 10. കസ്റ്റമർ സർവ്വീസ്

ഇടപാടുകാർക്കും അംഗങ്ങൾക്കും വളരെ കാര്യക്ഷമതയോടും സ്നേഹസമ്പന്നതയോടും കൂടിയ കസ്റ്റമർ സർവ്വീസ് നൽകുന്നതിന് നമ്മുടെ ബാങ്ക് പ്രതിജ്ഞാബദ്ധമാണ്. ബാങ്കിന്റെ എല്ലാ ശാഖകളിലും ഇടപാടുകാർക്ക് പൂർണ്ണ തൃപ്തി നൽകുന്ന വിധത്തിലുള്ള സർവ്വീസ് നൽകിവരുന്നു. ഇടപാടുകാരുടെ സൗകര്യാർത്ഥം ബാങ്കിന്റെ എല്ലാ ശാഖകളിലും ATM പ്രവർത്തിക്കുന്നു. Mobile Banking implement ചെയ്തു. RUPAY DEBIT CARD, POS സൗകര്യം എന്നിവയും ഇടപാടുകാരുടെ സൗകര്യാർത്ഥം നടപ്പാക്കി. സ്കൂൾ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സ്കോളർഷിപ്പുകൾ എന്നിവ ലഭിക്കുന്നതിന് Students Savings Bank Account സൗകര്യവും ലഭ്യമാണ്

## 11. ഭരണസമിതി

ശ്രീ. യു. രാജഗോപാലൻ ചെയർമാനായുള്ള ഭരണസമിതി 21.01.2024 മുതൽ നിലവിൽ വന്നു. ശ്രീ. കെ.എൻ. ശിവദാസൻ (വൈസ് ചെയർമാൻ), അഡ്വ. സജീല .ആർ.എ, ശ്രീ. ടി. സുനിൽ, ശ്രീമതി. സുനിത .കെ, ശ്രീമതി. സി. ഗിരിജ, ശ്രീമതി. ലാസ്യ .സി.ആർ, ശ്രീ. .കെ.പി സുധീർ, ശ്രീ. പി.കെ. ഗംഗാധരൻ, ശ്രീ. അബ്ദുൾ നിഷാജ്. ശ്രീ. എം. വിജയൻ എന്നിവർ ഉൾപ്പെടുന്നതാണ് ഭരണസമിതി.

ഡോ. രാമനുണ്ണി .എം ബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ ആയി 31.05.2024 ന് ചാർജ്ജ് എടുത്തു.

## 12. സബ് കമ്മറ്റികൾ

നമ്മുടെ ബാങ്കിൽ ഓഡിറ്റ് കമ്മിറ്റി, എ.എൽ.എം. കമ്മറ്റി, ഡിസിപ്ലിനറി കമ്മറ്റി, ഇൻവെസ്റ്റ്മെന്റ് കമ്മറ്റി, എൻ. പി.എ. മാനേജ്മെന്റ് കമ്മിറ്റി തുടങ്ങി ബാങ്കിന്റെ പ്രവർത്തന പുരോഗതിക്കുവേണ്ടി ഭരണസമിതിയുടെ സബ് കമ്മറ്റികൾ പ്രവർത്തിക്കുന്നു. എല്ലാ സബ് കമ്മറ്റികളും അതാതു കാര്യങ്ങൾക്കുവേണ്ടി സമയാസമയങ്ങളിൽ യോഗം ചേർന്ന് ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നുണ്ട്.

## 13. ജീവനക്കാർ

നമ്മുടെ ബാങ്കിൽ നിലവിൽ 55 ജീവനക്കാരാണുള്ളത്. നിലവിലുള്ള ജീവനക്കാർക്കെല്ലാം ആവശ്യമുള്ള പരിശീലനം സമയാസമയങ്ങളിൽ നൽകിയവരുന്നുണ്ട്. ബാങ്കിൽ ജനറൽ മാനേജർ ഇൻ ചാർജായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി. ടി.പി. സ്വമന്തകം, മാനേജർമാരായ കെ.പി. മുരളീധരൻ, എൻ.പി. ഹരി, ആശ .എസ്, നളിനി, രമേഷ്. പി, സീനിയർ ക്ലാർക്ക് ആയിരുന്ന കെ. ഗീത എന്നിവർ കഴിഞ്ഞവർഷം സർവ്വീസിൽ നിന്നും വിരമിച്ചു. ബാങ്ക് ഇവർക്ക് സമുചിതമായ യാത്രയയപ്പ് നൽകി

## 14. കംപ്യൂട്ടറൈസേഷൻ

ബാങ്കിന്റെ എല്ലാ ശാഖകളിലും കോർബാങ്കിങ്ങ് സോഫ്ട്‌വെയർ സ്ഥാപിച്ചു. ഇപ്പോൾ ബാങ്കിന്റെ ഒൻപത് ശാഖകളും CBSന് പരിധിയിലായി. ബാങ്കിന്റെ എല്ലാ ശാഖകളിലും ATM നിലവിലുണ്ട്. അതോടൊപ്പം RTGS/ NEFT സൗകര്യം, CTS 2010 cheque സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. മെയിൻ ബ്രാഞ്ചിൽ കോയിൻ വെന്റിങ്ങ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്.

ഇടപാടുകാരുടെ സൗകര്യാർത്ഥം ഇന്ത്യയിലെ ഏത് ATM ൽ നിന്നും പണം പിൻവലിക്കുവാൻ കഴിയും വിധം Rupay ATM Debit card ഏർപ്പെടുത്തി MASTER, VISA കാർഡുകൾ ഉപയോഗിച്ച് അർബൻ ബാങ്ക് ATMൽ നിന്നും പണം പിൻവലിക്കുവാൻ കഴിയുന്നതാണ്. POS സൗകര്യമുപയോഗിച്ച് പർച്ചേയ്സ് ചെയ്യുവാനും കഴിയുന്നതാണ്. ബാങ്കിന്റെ Rupay ATM Debit Card ഉപയോഗിച്ച് ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ്, ഇലക്ട്രിസിറ്റി ബില്ല്, ഓൺലൈൻ ഷോപ്പിംഗ്, മൊബൈൽ റീചാർജ്ജ്, DTH ചാർജ്ജ് എന്നീ സേവനങ്ങൾ ലഭ്യമാണ്. ബാങ്കിലെ ഇടപാടുകാർക്ക് IMPS, NEFT സൗകര്യത്തോടുകൂടി Mobile Banking ഇടപാടുകാർക്ക് പണമിടപാടുകൾ വേഗത്തിലാക്കാൻ സഹായകരമാകുന്നു. കാലാവധി കഴിഞ്ഞ C.B.S ന്റെ Upgradation നടന്നുകൊണ്ടിരിക്കുന്നു. ബാങ്കിംഗ് സേവനങ്ങൾ കൂടുതൽ വേഗത്തിലും കൃത്യതയിലുമാക്കാൻ ഇതുവഴി സാധിക്കും.

## 15. ആഭ്യന്തര പരിശോധന

ബാങ്കിലെ ഒരു സീനിയർ ഉദ്യോഗസ്ഥൻ / ഇന്റേണൽ ആഡിറ്റർ എല്ലാ ശാഖകളിലും ആഭ്യന്തര പരിശോധന നടത്തിവരുന്നു. (RBIA) പരിശോധനാ റിപ്പോർട്ട് അതാതു സമയങ്ങളിൽ ബാങ്കിന്റെ ഓഡിറ്റ് കമ്മറ്റിയിൽ സമർപ്പിക്കുന്നു. ഓഡിറ്റിൽ കാണുന്ന ന്യൂനതകൾ പരിഹരിച്ച്, ന്യൂനത പരിഹാര റിപ്പോർട്ടുകളും ഓഡിറ്റ് കമ്മറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിക്കുന്നു. ഇത് ആർ.ബി.ഐ നിർദേശിച്ച കൺകറന്റ് ആഡിറ്റിന് പുറമെ ബാങ്കിന്റെ സ്വന്തം നിലയിൽ പ്രവർത്തിക്കുന്ന ആഡിറ്റ് സംവിധാനമാണ്.

ബാങ്കിലെ Branch റികൺസിലിയേഷൻ, ATM റികൺസിലിയേഷൻ, RTGS/NEFT റികൺസിലിയേഷൻ, POS റികൺസിലിയേഷൻ, Clearing റികൺസിലിയേഷൻ തുടങ്ങിയവ കൃത്യമായി നടത്തിവരുന്നു. ബാങ്കിലെ നിക്ഷേപം ഇൻഷുർ ചെയ്യുന്നതിനായി Deposit Insurance and Credit Guarantee Corporation ന് കാലാകാലങ്ങളിൽ പ്രീമിയം നൽകി വരുന്നുണ്ട്. പ്രീമിയത്തിൽ ബാക്കി നൽകുവാനൊന്നും തന്നെയില്ല.

2023-24 ൽ 28 ഭരണസമിതിയോഗവും 27 ഉപസമിതിയോഗവും 8 ഓഡിറ്റ് കമ്മറ്റി യോഗവും ഒരു പൊതുയോഗവും ചേരുകയുണ്ടായി.

നിക്ഷേപകർ, മറ്റു ഇടപാടുകാർ, മെമ്പർമാർ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻമാർ, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, കേരള ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, IDBI ബാങ്ക്, സ്റ്റാഫ് അംഗങ്ങൾ തുടങ്ങി ബാങ്കിന്റെ പുരോഗതിക്ക് സഹായിച്ച എല്ലാവരോടും ഭരണസമിതി നന്ദി രേഖപ്പെടുത്തുന്നു. ബാങ്കിന്റെ ഭാവിശ്രേയസ്സിന് സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഭരണസമിതിക്കുവേണ്ടി,

**യു. രാജഗോപാലൻ**
ചെയർമാൻ

**സി.എസ്. ബിന്ദു**
ജനറൽ മാനേജർ ഇൻചാർജ്ജ്

# ഒറ്റപ്പാലം കോ – ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്

## നമ്പർ എഫ് – 1647

ഒറ്റപ്പാലം - 679 101

# 2023 – 2024 വർഷത്തെ ഭരണ റിപ്പോർട്ട്

ബഹുമാന്യരായ അംഗങ്ങളെ,

നമ്മുടെ ബാങ്ക് രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചത് 1937 സെപ്തംബർ 7 നാണ് പ്രവർത്തനാരംഭം മുതൽ തന്നെ പുരോഗതിയുടെയും സേവനത്തിന്റെയും വിവിധ പടവുകൾ താണ്ടി ഉയരങ്ങളിലേക്ക് മുന്നേറുന്ന ബാങ്കിന് 1979 ആഗസ്റ്റ് 2ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ യിൽ നിന്നും ബാങ്കിങ്ങ് പ്രവർത്തനത്തിന് ലൈസൻസ് ലഭിച്ചു. ഒറ്റപ്പാലത്തിന്റെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങളുടെ സ്വന്തം ബാങ്ക് പ്രവർത്തനാരംഭം മുതൽ ഇതുവരെ ലാഭത്തിൽ പ്രവർത്തിക്കുകയും മെമ്പർമാർക്ക് ലാഭവിഹിതം നൽകുകയും ചെയ്തിട്ടുണ്ട്. ഒറ്റപ്പാലം മുനി സിപ്പാലിറ്റി, വാണിയംകുളം ഗ്രാമപഞ്ചായത്ത്, അനങ്ങനടി ഗ്രാമപഞ്ചായത്ത്, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് മണ്ണൂർ ഗ്രാമപഞ്ചായത്ത്, ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് എന്നിവ ഉൾക്കൊള്ളുന്നതാണ് നിലവിലെ ബാങ്കിന്റെ പ്രവർത്തന പരിധി.

2023 - 2024 സാമ്പത്തിക വർഷം ബാങ്കിന്റെ 87 - ാമത് പ്രവർത്തന വർഷമാണ്. 87 - മത് പ്രവർത്തന വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ലാഭനഷ്ട കണക്ക്, കടധനപട്ടിക എന്നിവ പൊതുയോഗം മുമ്പാകെ അവതരിപ്പിക്കുന്നതിന് ഭരണസമിതിക്ക് അതിയായ സന്തോഷമുണ്ട്.

ബാങ്കിങ്ങ് റഗുലേഷൻ ആക്ടിനു പരിധിയിൽ വരുന്ന നമ്മുടെ ബാങ്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലും റെഗുലേഷനിലുമാണ് പ്രവർത്തിക്കുന്നത്. അതാതുകാലങ്ങളിൽ RBI നിർദ്ദേശിക്കുന്ന സാമ്പത്തിക അച്ചടക്കം, സാമ്പത്തിക ഭദ്രത എന്നിവ നമ്മുടെ ബാങ്ക് കൈക്കൊണ്ടുപോരുന്നുണ്ട്. DICGC പരിധിയിൽ എല്ലാ നിക്ഷേപങ്ങൾക്കും ഇൻഷൂറൻസ് പരിരക്ഷ നൽകിവരുന്നുണ്ട്. RBI മറ്റു കൊമേഴ്സ്യൽ ബാങ്കുകൾക്ക് നിഷ്കർഷിക്കുന്ന അസറ്റ് ക്വാളിറ്റി, പ്രുഡൻഷ്യൽ നോംസ്, ലിക്വിഡിറ്റി, കാമൽസ് റേറ്റിങ്ങ്, ALM, INVESTMENT തുടങ്ങിയ കാര്യങ്ങളും നമ്മുടെ ബാങ്ക് പാലിക്കപ്പെട്ടുപോരുകയും, ആയത് അനുശാസിക്കുംവിധം കൈ കാര്യം ചെയ്തുപോരുകയും ചെയ്യുന്നുണ്ട്. നിലവിൽ നല്ലരീതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഇത്തരം നോംസ് തുടർന്നും കൃത്യമായി പാലിക്കുന്നതിനായി എല്ലാ മെമ്പർമാരുടേയും സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

2023 - 24 വർഷത്തെ ഓഡിറ്റ് സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ. പ്രവീൺ & പ്രകാശ് ഓഡിറ്റ് ചെയ്ത് പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തിരുവനന്തപുരം അവർകളുടെ നിർദ്ദേശപ്രകാരവും RBI യുടെ അംഗീ കാരത്തോടുകൂടിയാണ് ഓഡിറ്റർ നിയമനം.

2023- 24 സാമ്പത്തിക വർഷത്തിൽ ബാങ്കിന് അഭിമാനകരമായ പുരോഗതി കൈവരിക്കാനായിട്ടുണ്ട്. നിക്ഷേപങ്ങൾ 565.14 കോടി രൂപയും വായ്പ 321.67 കോടി രൂപയാണ്. ഗവൺമെന്റ് സെക്യൂരിറ്റിയിലുള്ള ഇൻവെസ്റ്റ്മെന്റ് 202.74 കോടി രൂപയാണ്. ബാങ്കിന്റെ ഗ്രോസ്സ് NPA 4151.22 ലക്ഷം രൂപയാണ്. അതുപോലെ വളരെ പ്രധാനപ്പെട്ട CRAR സൂചിക 19.26% ആയിട്ടുണ്ട്. ആയത് ആവശ്യകതയിലും ഉയർന്ന നിരക്കിലാണ്. തൻവർഷം 296.56 ലക്ഷം രൂപ അറ്റലാഭമുണ്ടാക്കിയിട്ടുണ്ട്. ആയത് 229.04 ലക്ഷം രൂപ ഇൻകം ടാക്സ് അടച്ചതിനു ശേഷമുള്ള ലാഭമാണ്. ബാങ്കിലെ എല്ലാ മെമ്പർമാരും കൂടുതൽ ഓഹരികൾ എടുത്തു ബാങ്കിന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനും അതുവഴി ബാങ്കിന്റെ ക്യാപിറ്റൽ അടിത്തറ പരമാവധി കൂട്ടുന്നതിനും താൽപര്യപ്പെടുന്നു.

നമ്മുടെ ബാങ്കിന്റെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനു ബാങ്ക് സ്വന്തം നിലക്ക് നിക്ഷേപ സമാഹരണം നടത്തുകയും ആയതു ലക്ഷ്യം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

ബാങ്കിന്റെ പ്രവർത്തന പരിധിയിലുള്ള വാണിയംകുളം, അനങ്ങനടി, ലക്കിടി, മണ്ണൂർ, അമ്പലപ്പാറ പഞ്ചായത്തുകളിലും ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലും വിവിധ വായ്പ പദ്ധതികളുടെയും കുട്ടികളുടെ സമ്പാദ്യ പദ്ധതിയായ പൂത്തിരിയുടെയും വായ്പാമേളകൾ സംഘടിപ്പിച്ചു. വിഷുവിന് ഇടപാടുകാർക്ക് പുതിയ നാണയങ്ങളും, പുതിയ കറൻസികളും ലഭ്യമാക്കുന്നതിനായി ബാങ്ക് "നാണയമേള" ഈ സാമ്പത്തിക വർഷവും സംഘടിപ്പിക്കുകയുണ്ടായി. "ഹരിതം സഹകരണത്തിന്റെ" ഭാഗമായി ബാങ്ക് മാവിൻതൈകൾ വിതരണം ചെയ്യുകയുണ്ടായി. "'വിജയോത്സവം 2024" ഇത്തവണ വിപുലമായി സംഘടിപ്പിച്ചു. ബാങ്കിന്റെ പ്രവർത്തന പരിധിയിൽ സർക്കാർ, എയ്ഡഡ് മേഖലയിൽ നിന്ന് എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും, മെമന്റോയും നൽകി അനുമോദിച്ചു. ഇത്തവണത്തെ മെറിറ്റ് ഈവെനിംങ് ഉദ്ഘാടനം ചെയ്തത് ബഹു: തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷാണ്. ഒറ്റപ്പാലം എം.എൽ.എ അഡ്വ. കെ. പ്രേംകുമാറാണ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചത്. ബാങ്കിന്റെ പ്രവർത്തന പരിധിയിലെ സ്കൂളുകളിൽ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്നതും, പഠനത്തിൽ മികവ് പുലർത്തുന്നതും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ കുട്ടികളിൽ നിന്നും സ്കൂളുകൾ തിരഞ്ഞെടുത്ത ഒരു കുട്ടിക്ക് വീതം സ്കോളർഷിപ്പും നൽകി.

ബാങ്കിലെ ഇടപാടുകാർക്കായി മികച്ച സേവനം നൽകുന്നതിനായി RBI യുടെ അനുമതിയോടുകൂടി NPCI, IDBI എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കിയ RUPAY ATM DEBIT CARD കൂടുതൽ അക്കൗണ്ട് ഉടമകൾ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. എല്ലാ ATM കാർഡുകളും അർബൻ ബാങ്ക് ATM ൽ ഉപയോഗിക്കാവുന്നതാണ്. അർബൻ ബാങ്ക് കാർഡുകൾ ഇന്ത്യയിലെ ഏത് ATM ലും ഉപയോഗിക്കാവുന്നതാണ്. നമ്മുടെ ബാങ്കിന്റെ RUPAY ATM DEBIT CARD ഒറ്റപ്പാലം അർബൻ ബാങ്കിന്റെ 8 ATM ലും പണം പിൻവലിക്കുന്നതിനുള്ള എണ്ണങ്ങളിൽ നിയന്ത്രണമില്ലാതെ ഉപയോഗിക്കാവുന്നതാണ്. POS സൗകര്യവും നമ്മുടെ ബാങ്കിന്റെ ATM കാർഡിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ RUPAY ATM കാർഡ് ഉടമകൾക്കും NPCI 1 ലക്ഷം രൂപയുടെ അപകടമരണ ഇൻഷൂറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്.

ബാങ്കിൽ ഇടപാടുകാരുടെ സൗകര്യാർത്ഥം നടപ്പാക്കിയ RTGS/NEFT സൗകര്യത്തോടുകൂടിയ Mobile Banking കുറേയധികം പേർ ഗൂഗിൾ PLAY STORE ൽ പോയി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നുണ്ട്. പുതിയതായി ഡൗൺലോഡ് ചെയ്യാൻ ആഗ്രഹിക്കുന്നവർക്കായി വേണ്ട സൗകര്യം ബാങ്കിൽ നിന്നും ലഭിക്കുന്നതാണ്.

OCUB Ezygo എന്ന മൊബൈൽ ബാങ്കിംഗ് ആപ്പിലൂടെ ഇടപാടുകാർക്ക് സ്വന്തം മൊബൈലിലൂടെ RTGS/NEFT/IMPS ലൂടെ ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനും അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ലഭിക്കുന്നതിനും എല്ലാവിധ ബിൽപേയ്മെന്റ് നടത്തുന്നതിനും മൊബൈൽ റീചാർജ്ജ് ചെയ്യുന്നതിനും സാധിക്കും.

ബാങ്കിൽ NACH സംവിധാനം നിലവിൽ വന്നതിന്റെ ഭാഗമായി വിവിധ സബ്സിഡികൾ (LPG സബ്സിഡി, ഡിവിഡന്റുകൾ തുടങ്ങിയവ) അക്കൗണ്ടിൽ നേരിട്ട് വരവ് വെക്കുന്നതിനു സൗകര്യമൊരുക്കിയിട്ടുണ്ട്. LPG സബ്സിഡി നമ്മുടെ ബാങ്കിലെ എക്കൗണ്ടിൽ വരവ് വെക്കുന്നതിനു ആധാർകാർഡും ബാങ്ക് പാസ് ബുക്കുമായി ബാങ്കിൽ ബന്ധപ്പെട്ടാൽ ആയതിനുള്ള സൗകര്യമൊരുക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള Student Savings Bank Account തുടങ്ങുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി.

ISO 9001:2015 അംഗീകാരമുള്ള ബാങ്ക് നിരവധിയായ അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. 2021-22 വർഷത്തെ സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ അർബൻ ബാങ്ക് എന്ന ബഹുമതിയും നമ്മുടെ ബാങ്ക് കരസ്ഥമാക്കി. കേരളത്തിലെ അർബൻ ബാങ്കുകളിൽ 2021-2022 ലെ മികച്ച ഒന്നാമത്തെ അർബൻ ബാങ്കിനുള്ള കേരള ബാങ്ക് എക്സലൻസ് അവാർഡ് നമ്മുടെ ബാങ്കിനാണ് ലഭിച്ചത്. കഴിഞ്ഞ 4 വർഷങ്ങളിൽ ബാങ്കിന്റെ തുടർച്ചയായ അഞ്ചാമത്തെ പുരസ്കാരമാണിത്. ഒറ്റപ്പാലത്തെയും പരിസര പ്രദേശങ്ങളിലേയും ജനങ്ങളുടെ നിസ്സീമമായ സഹകരണംകൊണ്ട് മാത്രമാണ് ബാങ്കിന് ഇപ്രകാരം അവാർഡിന് അർഹമാകാൻ സാധിച്ചത്. ബാങ്കിന്റെ മുന്നേറ്റത്തിൽ എന്നും ബാങ്കിനോടൊപ്പം നിന്ന നിക്ഷേപകർ, വായ്പാ ഇടപാടുകാർ, അഭ്യുദയകാംക്ഷികൾ തുടങ്ങി ഏവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. നിക്ഷേപ വളർച്ചയോടൊപ്പം തന്നെ ഇടപാടുകാരുടെ എല്ലാവിധ വായ്പ ആവശ്യങ്ങൾ നിറവേറ്റികൊടുക്കുന്നതിലൂടെ, വായ്പയുടെ കാര്യത്തിലും ബാങ്ക് മുൻപന്തിയിലാണ്. കോവിഡ്-19 സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാൻ കുറഞ്ഞ പലിശ നിരക്കിലുള്ള വിവിധ വായ്പാപദ്ധതികളും ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷം പുതുതായി കാർഷിക മേഖലക്കും സോളാർ പാനലുകൾ വെക്കാനും വായ്പ നൽകി വരുന്നു. പടി പടിയായി ബാങ്കിന്റെ മുൻഗണന വായ്പയുടെ അനുപാതം RBI നിഷ്കർഷിക്കുന്ന നിലയിലേക്ക് എത്താനാണ് ശ്രമം. വായ്പയുടെ തിരിച്ചടവ് ഊർജിതമാക്കി RBI നിഷ്കർഷിക്കുന്ന കണക്കിൽ നിഷ്ക്രിയ ആസ്തി കുറക്കാൻ എല്ലാ മാന്യ ഇടപ്പാടുകാരുടേയും സഹകരണം അഭ്യർത്ഥിക്കുകയാണ്.

ബാങ്കിന്റെ പുരോഗതിക്ക് സമയാസമയങ്ങളിൽ വേണ്ട നിർദ്ദേശങ്ങളും സഹായസഹകരണങ്ങളും ചെയ്തു തരുന്ന റിസർവ് ബാങ്ക്, സഹകരണ വകുപ്പ്, അർബൻ ബാങ്ക് ഫെഡറേഷൻ (സ്റ്റേറ്റ് & നാഷണൽ) തുടങ്ങിയ എല്ലാവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ദൈനംദിന കാര്യങ്ങളിലൂടെ ഇടപാടുകാരുമായി നേരിട്ട് ബന്ധപ്പെടുന്ന ബാങ്കിന്റെ മുഖമായി എല്ലാ വികസനങ്ങളിലും ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

ബാങ്കിന്റെ തുടർന്നുള്ള പുരോഗതിക്കായി ഒറ്റപ്പാലത്തെയും പരിസരപ്രദേശങ്ങളിലെയും എല്ലാവിഭാഗം ജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

കൃതജ്ഞതയോടെ,

| | |
|---|---|
| **സി.എസ്. ബിന്ദു** | **യു. രാജഗോപാൽ** |
| ജനറൽ മാനേജർ ഇൻചാർജ്ജ് | ചെയർമാൻ |

# ഒറ്റപ്പാലം കോ-ഓപ്. അർബ്ബൻ ബാങ്ക്

## 2025-2026 കൊല്ലത്തെ

| ചെലവിനങ്ങൾ | 2024-2025 ലേക്കുള്ള ബഡ്ജറ്റ് | 31-07-2024 വരെയുള്ള ചെലവ് | 2025-2026 ലേക്കുള്ള ബഡ്ജറ്റ് |
|---|---|---|---|
| പലിശ കൊടുക്കേണ്ടത് (നിക്ഷേപങ്ങളിലും വായ്പകളിലും) | 45,00,00,000.00 | 12,36,07,135.00 | 45,50,00,000.00 |
| ശമ്പളവും അലവൻസും, ബോണസും | 8,25,00,000.00 | 1,99,96,813.00 | 8,00,00,000.00 |
| പ്രോവിഡന്റ് ഫണ്ട് | 75,00,000.00 | 17,40,321.00 | 75,00,000.00 |
| ഡയറക്ടർമാരുടെ ഫീസും സിറ്റിങ്ങ് ഫീസും | 10,00,000.00 | 84,249.00 | 9,00,000.00 |
| പ്രസിഡന്റിന് ഓണറേറിയം | 10,00,000.00 | 45,000.00 | 8,00,000.00 |
| ആഡിറ്റ് ഫീ & പ്രൊഫഷണൽ ചാർജ്ജ് | 27,00,000.00 | 5,92,350.00 | 27,00,000.00 |
| കമ്മീഷൻ | 5,00,000.00 | ... | 5,00,000.00 |
| പുസ്തകം, അച്ചടി & പേപ്പർ | 12,00,000.00 | 1,80,288.00 | 11,50,000.00 |
| യാത്രാ ചിലവ് | 8,00,000.00 | 13,633.20 | 10,00,000.00 |
| പലവക ചിലവ് | 20,00,000.00 | 8,26,790.59 | 20,00,000.00 |
| റിപ്പയർ & മെയിന്റനൻസ് | 30,00,000.00 | 4,82,165.00 | 30,00,000.00 |
| സ്റ്റേഷനറി | 10,00,000.00 | 4,65,057.00 | 11,00,000.00 |
| ഇലക്ട്രിസിറ്റി ചാർജസ് | 38,00,000.00 | 8,00,339.00 | 38,00,000.00 |
| Rates & Taxes | 18,00,000.00 | 26,724.00 | 16,00,000.00 |
| ടെലിഫോൺ ചാർജസ് | 7,00,000.00 | 133,841.68 | 7,50,000.00 |
| പരസ്യചെലവ് | 25,00,000.00 | 11,20,964.00 | 25,00,000.00 |
| നിയമോപദേശച്ചിലവ് | 5,00,000.00 | 51,300.00 | 5,00,000.00 |
| വാട്ടർചാർജ്ജ് | 30,000.00 | 100.00 | 25,000.00 |
| ഇൻഷൂറൻസ് | 10,00,000.00 | 1,91,998.00 | 10,00,000.00 |
| മോട്ടോർ വെഹിക്കിൾ ചിലവ് | ... | 3,200.00 | 3,00,000.00 |
| പൊതുയോഗ ചിലവ് | 20,00,000.00 | ... | 17,25,000.00 |
| ഭരണസമിതി യോഗചിലവ് | 5,00,000.00 | 17,066.00 | 4,25,000.00 |
| **B/F** | **56,60,30,000.00** | **15,04,99,334.47** | **56,82,75,000.00** |

# ലിമിറ്റഡ് നമ്പർ എഫ്. 1647, ഒറ്റപ്പാലം

## ബഡ്ജറ്റ് എസ്റ്റിമേറ്റ്

| വരവിനങ്ങൾ | 2024 - 2025 ലേക്കുള്ള ബഡ്ജറ്റ് | 31 - 07 - 2024 വരെയുള്ള വരവ് | 2025 - 2026 ലേക്കുള്ള ബഡ്ജറ്റ് |
|---|---|---|---|
| കടങ്ങളിൻമേൽ പലിശ | 42,00,00,000.00 | 109868278.00 | 42,00,00,000.00 |
| നിക്ഷേപങ്ങളിന്മേൽ പലിശ | 26,00,00,000.00 | 51791783.95 | 26,25,00,000.00 |
| റിസർവ് ഫണ്ട് പലിശ | 7,50,000.00 | ... | 7,50,000.00 |
| പ്രവേശന ഫീസ് | 10,000.00 | 817.00 | 10,000.00 |
| കമ്മീഷൻ & എ.ടി.എം. ഫീ | 45,00,000.00 | 751187.38 | 45,00,000.00 |
| ഫോറം സർവ്വീസ് ചാർജ്ജസ് | 1,60,00,000.00 | 2364260.00 | 1,70,00,000.00 |
| ഓഹരികളിന്മേൽ ഡിവിഡന്റ് | 1,00,000.00 | ... | 50,000.00 |
| പലവക വരവ് | 20,00,000.00 | 191269.61 | 21,00,000.00 |
| നോമിനൽ മെമ്പർഷിപ്പ് | 5,000.00 | ... | 5,000.00 |
| ലോക്കർ വാടക | 25,00,000.00 | 670170.00 | 25,00,000.00 |
| സെക്യൂരിറ്റി വിറ്റവകയിൽ വരുമാനം | 4,00,00,000.00 | 70324.00 | 4,00,00,000.00 |
| നോട്ടീസ് ചാർജസ് | 8,00,000.00 | 13533.00 | 7,00,000.00 |
| കോർട്ട് കോസ്റ്റ് | 20,00,000.00 | 274296.00 | 22,00,000.00 |
| രജിസ്റ്റേർഡ് നോട്ടീസ് | 8,00,000.00 | 16364.00 | 7,00,000.00 |
| ലീഗൽ ഫീ | 10,00,000.00 | 54350.00 | 10,00,000.00 |
| സൈറ്റ് ഫീ | 10,00,000.00 | 109820.00 | 8,00,000.00 |
| കൺവേയൻസ് | 8,00,000.00 | 45014.00 | 9,00,000.00 |
| **ആകെ** | **75,22,65,000.00** | **16,62,21,466.94** | **75,57,15,000.00** |

# ഒറ്റപ്പാലം കോ-ഓപ്. അർബ്ബൻ ബാങ്ക്

## 2025-2026 കൊല്ലത്തെ

| ചെലവിനങ്ങൾ | 2025-2026 ലേക്കുള്ള ബഡ്ജറ്റ് | 31-07-2024 വരെയുള്ള ചെലവ് | 2025-2026 ലേക്കുള്ള ബഡ്ജറ്റ് |
|---|---|---|---|
| B/F | 56,60,30,000.00 | 15,04,99,334.47 | 56,82,75,000.00 |
| രാത്രി കാവൽ, അടിച്ചുവാരൽ ചിലവ് | 48,00,000.00 | 11,50,350.00 | 47,00,000.00 |
| അഫിലിയേഷൻ ഫീസ് | 5,000.00 | ... | 5,000.00 |
| ഉദ്യോഗസ്ഥരുടെ മെഡിക്കൽ അലവൻസ് | 8,00,000.00 | ... | 6,00,000.00 |
| ഗ്രൂപ്പ് ഗ്രാറ്റിവിറ്റി ഇൻഷൂറൻസ് പ്രീമിയം | 40,00,000.00 | ... | 38,00,000.00 |
| ഡെപ്പോസിറ്റ് ഇൻഷൂറൻസ് പ്രീമിയം | 1,00,00,000.00 | 37,63,274.20 | 95,00,000.00 |
| പിഗ്മിഡെപ്പോസിറ്റ് കളക്ഷൻ കമ്മീഷൻ | 18,00,000.00 | 3,33,844.00 | 18,00,000.00 |
| സൈറ്റ് ഇൻസ്പെക്ഷൻ ഫീ | 6,00,000.00 | 1,90,810.00 | 6,00,000.00 |
| ലീഗൽ ഫീ | 6,00,000.00 | 39,300.00 | 5,00,000.00 |
| കൺവേയൻസ് ചാർജ്ജസ് | 9,00,000.00 | 3,64,023.50 | 10,00,000.00 |
| സഹകരണ വെൽഫയർ ഫണ്ട് കോൺട്രിബ്യൂഷൻ | 5,00,000.00 | 34,860.00 | 5,00,000.00 |
| കേരള ലേബർ വെൽഫയർ ഫണ്ട് കോൺട്രിബ്യൂഷൻ | 30,000.00 | 2,745.00 | 30,000.00 |
| EDLI കോൺട്രിബ്യൂഷൻ | 2,00,000.00 | 20,814.00 | 2,00,000.00 |
| EPF അഡ്മിനിസ്ട്രേഷൻ ചാർജ്ജസ് | 6,00,000.00 | 89,364.00 | 5,50,000.00 |
| EDLI അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജസ് | 25,000.00 | 9,461.00 | 25,000.00 |
| വാടക | 35,00,000.00 | 5,23,650.00 | 35,00,000.00 |
| ആന്വൽ മെയിന്റനൻസ് ചാർജ് | 60,00,000.00 | 11,24,541.00 | 60,00,000.00 |
| തപാൽ ചെലവ് | 5,00,000.00 | 57,117.00 | 4,00,000.00 |
| മെമ്പർമാർക്ക് പഠന ക്ലാസ്സ് | 5,00,000.00 | ... | 5,00,000.00 |
| ബാങ്ക് ജീവനക്കാർക്ക് പഠന ക്ലാസ്സ് | 7,00,000.00 | 1,81,230.00 | 7,00,000.00 |
| ഫയർ ഇൻഷൂറൻസ് പ്രീമിയം | 2,00,000.00 | ... | 1,50,000.00 |
| ഗ്രാറ്റിവിറ്റി | 5,00,000.00 | ... | 5,00,000.00 |
| രജിസ്ട്രേഡ് നോട്ടീസ് | 6,00,000.00 | 31,242.50 | 5,00,000.00 |
| കോർട്ട് കോസ്റ്റ് | 20,00,000.00 | 6,60,600.00 | 18,50,000.00 |
| നോട്ടീസ് ചാർജ്ജസ് | 5,00,000.00 | 10,160.00 | 6,00,000.00 |
| തേയ്മാനം | 50,00,000.00 | ... | 50,00,000.00 |
| One time settlement | 45,00,000.00 | ... | 45,00,000.00 |
| ലാഭം | 13,68,75,000.00 | 71,35,016.27 | 13,94,30,000.00 |
| **ആകെ** | **75,22,65,000.00** | **16,62,21,466.94** | **75,57,15,000.00** |

# ലിമിറ്റഡ് നമ്പർ എഫ്. 1647, ഒറ്റപ്പാലം

## ബഡ്ജറ്റ് എസ്റ്റിമേറ്റ്

| വരവിനങ്ങൾ | 2024 - 2025 ലേക്കുള്ള ബഡ്ജറ്റ് | 31- 08 - 2024 വരെയുള്ള വരവ് | 2024 - 2025 ലേക്കുള്ള ബഡ്ജറ്റ് |
|---|---|---|---|
| O/F | 75,22,65,000.00 | 16,62,21,466.94 | 75,57,15,000.00 |
| ആകെ | 75,22,65,000.00 | 16,62,21,466.94 | 75,57,15,000.00 |

# ഒറ്റപ്പാലം കോ – ഓപ്പറേറ്റീവ്
# അർബൻ ബാങ്ക് ലിമിറ്റഡ്
## നമ്പർ എഫ് – 1647

ഒറ്റപ്പാലം – 679 101

പ്രവീൺ & പ്രകാശ് ചാർട്ടേഡ് അക്കൗണ്ടന്റ്

## ഒറ്റപ്പാലം കോ – ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1647
## അംഗങ്ങൾക്കുള്ള ആഡിറ്റർമാരുടെ റിപ്പോർട്ട്

ഒറ്റപ്പാലം കോ – ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1647 ന്റെ 31 – 03 – 2024 ലെ ഹെഡാഫീസും 9 ശാഖകളുടേയും കൂടിചേർന്ന ലാഭനഷ്ടകണക്കും ആസ്തി ബാധ്യത കണക്കും ഞങ്ങൾ പരിശോധിച്ചു. ഈ സാമ്പത്തിക കണക്ക് ബാങ്ക് ഭരണസമിതിയുടെ ഉത്തരവാദിത്വ ങ്ങളിൽപെട്ട കാര്യമാണ്. അതിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ അഭിപ്രായം പറയുക യാണ് ഞങ്ങളുടെ ഉത്തരവാദിത്വം. ഇന്ത്യയിൽ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള കണക്കുപരി ശോധനയുടെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് ഞങ്ങൾ കണക്കുകൾ പരിശോധിച്ചിട്ടുള്ളത്. ആ മാനദണ്ഡങ്ങൾ, സാമ്പത്തിക പ്രസ്താവനകൾ എന്നിവ വസ്തുനിഷ്ഠമായിട്ടുള്ളതാണെന്നും, തെറ്റായിട്ടുള്ളതല്ലെന്നും ഉറപ്പുവരുത്തിയിട്ടുണ്ട് കണക്കുകളിൽ പ്രാവർത്തികമായതും കണക്കെഴുത്തിന്റെ അടിസ്ഥാനത്തിലുള്ള കാര്യങ്ങൾ നോക്കിയും ആനുപാതികമായിട്ടുള്ള തെളിവുകളുടെയും അടിസ്ഥാനത്തിലുമാണ് കണക്കുപരിശോധന നടത്തിയിട്ടുള്ളത്.

സാമ്പത്തിക തത്വങ്ങളും ഭരണസമിതിയുടെ ഭാവി പ്രധാന എസ്റ്റിമേറ്റും, അതുപോലെ തന്നെ മൊത്തത്തിൽ ഉള്ള സാമ്പത്തിക കണക്കുകളുടെ നിജസ്ഥിതിയും കൂടി ഈ ഓഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഞങ്ങളുടെ അഭിപ്രായങ്ങൾക്ക് ശരിയായ അടിസ്ഥാനം ഈ പരിശോധനയിലൂടെ നൽകുന്നുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഞങ്ങൾ തുടർന്നു പ്രഖ്യാപിക്കുന്നതെന്തെന്നാൽ

മുകളിൽ പറഞ്ഞതിനോടനുബന്ധിച്ച്

1. ബാങ്ക് ഓഡിറ്റിന് ആവശ്യമായി കിട്ടിയ വിവരങ്ങളും വിശദീകരണങ്ങളും ഞങ്ങളുടെ അറിവിനും വിശ്വാസത്തിനും അനുസരിച്ച് തൃപ്തികരമാണ്.
2. ബാങ്ക് നടത്തിയിട്ടുള്ള ഇടപാടുകൾ ബാങ്കിന്റെ അധികാരത്തിലുള്ളതാണ് എന്ന് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.
3. ബാങ്കിന്റെ ബ്രാഞ്ചുകളിൽ നിന്നും ഹെഡാഫീസിൽ നിന്നും കിട്ടിയിട്ടുള്ള സ്റ്റേറ്റുമെന്റുകൾ പരിശോധിച്ചത് പര്യാപ്തമായിട്ടുള്ളതാണെന്ന് പ്രസ്താവിക്കുന്നു.

4. ഞങ്ങളുടെ അഭിപ്രായത്തിൽ നിയമാനുസൃതമായി ശരിയായ തരത്തിലുള്ള ബുക്കുകളും കണക്കുകളും ബാങ്ക് സൂക്ഷിക്കുന്നുണ്ട്. കൂടാതെ ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ലാഭനഷ്ട കണക്കും ആസ്തി ബാധ്യത കണക്കും ലഭ്യമായ പുസ്തകങ്ങളും കണക്കുകളുമായി താദാത്മ്യമുള്ളതാണ്.

5. ഞങ്ങളുടെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിക്കുന്ന ലാഭനഷ്ടകണക്കുകളും ആസ്തി ബാധ്യതകണക്കും റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുന്ന കണക്കുകളുടെ നിലവാരത്തിനും നിർദ്ദേശത്തിനും അനുസൃതമായിട്ടുള്ളതാണ്.

ഞങ്ങളുടെ അഭിപ്രായത്തിലും ഞങ്ങൾക്കു കിട്ടിയ അറിവിനും വിശദീകരണങ്ങൾക്കും അനുസരിച്ച് ഈ സാമ്പത്തിക കണക്കുകൾ ബാങ്കിങ്ങ് റഗുലേഷൻ ആക്ട് 1949 ന് വിധേയമായിട്ടുള്ളതും ഇന്ത്യയിൽ പ്രാബല്യത്തിലുള്ള സാമ്പത്തിക തത്വങ്ങൾക്കനുസൃതമായിട്ടും സത്യസന്ധമായതും നല്ല വീക്ഷണത്തോടുകൂടിയുള്ളതുമാണ്.

1. ബാക്കിപത്രത്തിന്റെ കാര്യത്തിൽ 31-03-2024 തിയ്യതിയിലെ ബാങ്കിന്റെ സ്ഥിതിക്കനുസൃതമായി.

2. ലാഭനഷ്ടകണക്കിന്റെ കാര്യത്തിൽ തൻവർഷത്തെ ലാഭനഷ്ടകണക്കിന്റെ പ്രസ്തുത തിയ്യതിയിലെ ശരിയായ ബാക്കി പത്രം.

(ഇത് ഇംഗ്ലീഷിലുള്ള റിപ്പോർട്ടിന്റെ ഏകദേശം പരിഭാഷ)

# ഒറ്റപ്പാലം കോ – ഓപ്. അർബ്ബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്. 1647, ഒറ്റപ്പാലം

## 31 –03–2024 കടധനപട്ടിക (ബാക്കി പത്രം)

| മൂലധനവും & ബാദ്ധ്യതകളും (Capital & Liabilities) | പട്ടിക | 31-03-2024 | 31-03-2023 |
|---|---|---|---|
| 1. ഓഹരി മൂലധനം | A | 11,66,62,575.00 | 11,91,59,644.00 |
| 2. കരുതൽധനവും മറ്റു കരുതലുകളും | B | 67,88,99,307.09 | 6,16,22,40,096.33 |
| 3. പ്രിൻസിപ്പൽ/സബ്സിഡിയറി സ്റ്റേറ്റ് പാർട്ണർ ഷിപ്പ് | | ... | ... |
| 4. ഡിപ്പോസിറ്റുകൾ | C | 5,65,14,13,016.74 | 5,84,08,50,644.28 |
| 5. കടം വാങ്ങിയത് | | ... | ... |
| 6. ബില്ലുകൾ കളക്ഷന് കിട്ടിയത് | ... | ... | ... |
| 7. ബ്രാഞ്ച് അക്കൗണ്ടുകൾ | ... | ... | ... |
| 8. അവുധി ബാക്കി പലിശക്കുള്ള കരുതൽ | ... | 15,01,59,589.00 | 10,18,47,268.00 |
| 9. പലിശ കൊടുക്കുവാനുള്ളത് | ... | 10,16,98,926.33 | 9,52,64,870.55 |
| 10. മറ്റു ബാദ്ധ്യതകൾ | D | 10,82,23,789.07 | 10,57,94,518.39 |
| ലാഭം/ നഷ്ടം | E | 2,96,55,617.50 | 3,71,33,296.16 |
| ആകെ | | 6,83,67,12,820.73 | 6,91,62,90,337.71 |
| കണ്ടിജന്റ് ബാദ്ധ്യതകൾ | | ... | ... |
| (i) ഗ്യാരണ്ടിയായിട്ടുള്ള പുറം ബാദ്ധ്യതകൾ | | ... | ... |
| (ii) മറ്റുള്ളവ | | ... | ... |
| **ആകെ** | | **6,83,67,12,820.73** | **6,91,62,90,337.71** |

# ഒറ്റപ്പാലം കോ – ഓപ്പ്. അർബ്ബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്. 1647, ഒറ്റപ്പാലം

## 31 – 03 – 2024 കടധനപട്ടിക (ബാക്കി പത്രം)

| ധനവും മുതലുകളും (Property and Assets) | പട്ടിക | 31-03-2024 | 31-03-2023 |
|---|---|---|---|
| നീക്കിയിരിപ്പ് തുക | | 40,40,51,858.62 | 41,90,59,118.95 |
| 2. മറ്റു ബാങ്കുകളിലെ ബാലൻസ് | F | 77,31,11,430.24 | 65,67,13,692.93 |
| 3. കാൾ/ഹ്യസ്വകാല നിക്ഷേപം | ... | ... | ... |
| 4. നിക്ഷേപങ്ങൾ | G | 2,14,81,94,727.10 | 2,35,30,93,044.36 |
| 5. നിക്ഷേപങ്ങൾ - സ്റ്റേറ്റ് പാർട്ട്ണർഷിപ്പ് ഫണ്ട് | ... | ... | ... |
| 6. വായ്പകൾ | H | 3,21,67,64,853.97 | 3,22,21,55,977.09 |
| 7. പലിശ കിട്ടുവാനുള്ളത് | ... | 23,01,98,123,.66 | 18,68,57,953.17 |
| 8. ബില്ലുകൾ കിട്ടുവാനുള്ള കോൺട്രാക്ട് പ്രകാരം | ... | ... | ... |
| 9. ബ്രാഞ്ച് അക്കൗണ്ടുകൾ, | ... | ... | 27,92,057.25 |
| 10. ബാങ്ക് കെട്ടിടം (Less depriciation) | I | 42,47,083.63 | 44,69,045.63 |
| 11. ഫർണിച്ചറുകളും മുതലുകളും (Less deprication) | J | 64,30,830.88 | 74,04,518.48 |
| 12. മറ്റു മുതലുകൾ | K | 4,93,36,837.63 | 5,90,67,854.85 |
| 13. ബാങ്കിങ്ങ് ഇതര സ്വത്തുക്കൾ കിട്ടാക്കടം പിരിച്ചെടുക്കുന്നതിനു വേണ്ടി സ്വായത്തമാക്കിയത് | ... | 43,77,075.00 | 46,77,075.00 |
| **ആകെ** | | **6,83,67,12,820.73** | **6,91,62,90,337.71** |

# ഒറ്റപ്പാലം കോ – ഓപ്. അർബ്ബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്. 1647, ഒറ്റപ്പാലം

## 31 – 03 – 2024 കൊല്ലത്തെ ലാഭ നഷ്ട കണക്ക്

| വരവുകൾ | പട്ടിക | 31-03-2024 | 31-03-2023 |
|---|---|---|---|
| 1. പലിശയും ഡിസ്ക്കൗണ്ടും | L | 55,82,33,521.00 | 55,32,48,895.17 |
| 2. കമ്മീഷനും ബ്രോക്കറേജും | ... | 29,38,779.05 | 22,83,349.93 |
| 3. സബ്സിഡിയും സംഭാവനയും | ... | ... | ... |
| 4. നോൺ ബാങ്കിങ്ങ് അസറ്റിൽ നിന്നും അവ വഴി കിട്ടുന്നതിൽ നിന്നും ഉള്ള വരുമാനം | ... ... ... | ... | ... |
| 5. മറ്റു വരവുകൾ | M | 3,48,92,055.49 | 1,35,87,699.04 |
| **ആകെ** | | **59,60,64,355.54** | **56,91,19,944.14** |

| ചെലവുകൾ | പട്ടിക | 31-03-2024 | 31-03-2023 |
|---|---|---|---|
| 1. ഡെപ്പോസിറ്റുകളിലും ബോറോവിങ്ങ്സുകളിലും പലിശ | N | 39,41,24,336.69 | 35,85,77,936.08 |
| 2. ശമ്പളം അലവൻസ് പ്രോവിഡന്റ് ഫണ്ട് | O | 6,28,06,067.50 | 6,53,18,399.00 |
| 3. ഡയറക്ടേഴ്സ് ഫീയും അലവൻസുകളും | P | 7,97,544.00 | 7,47,076.00 |
| 4. വാടക, നികുതി, ഇൻഷുറൻസ് ലൈറ്റിങ്ങ് തുടങ്ങിയവ | Q | 1,24,92,422.07 | 1,26,19,609.29 |
| 5. നിയമോപദേശ ചാർജ്ജ് | ... | 2,09,300.00 | 4,43,000.00 |
| 6. പോസ്റ്റേജ്, ടെലിഗ്രാം ടെലഫോൺ ചാർജ്ജ് | R | 4,21,779.10 | 5,30,781.19 |
| 7. ആഡിറ്റ് ഫീ | ... | 16,23,132.00 | 18,22,350.00 |
| 8. തേയ്മാനവും റിപ്പയറുകളും | S | 29,64,456.48 | 29,84,509.57 |
| 9. സ്റ്റേഷനറി അച്ചടി പരസ്യം | T | 25,68,127.51 | 28,42,978.27 |
| 10. നോൺ ബാങ്കിങ്ങ് അസറ്റ് വില്പനയിലെ നഷ്ടം | ... | 25,000.00 | ... |
| 11. മറ്റു ചെലവുകൾ | U | 8,83,76,572,.69 | 8,61,00,008.58 |
| 12. ബാക്കി ലാഭം | | 2,96,55,617.50 | 3,71,33,296.16 |
| **ആകെ** | | **59,60,64,355.54** | **56,91,19,944.14** |

# 01. 04. 2024 മുതൽ 31. 07. 2024 വരെയുള്ള ബാങ്കിന്റെ പ്രവർത്തന പുരോഗതി സ്റ്റേറ്റ്മെന്റ്

## 1. അംഗങ്ങൾ

31.03.2024 ന് 63662 എ ക്ലാസ് മെമ്പർമാരുണ്ടായിരുന്നത് 63804 ആയി വർദ്ധിച്ചിട്ടുണ്ട്. എ ക്ലാസ്സ് ഓഹരി സംഖ്യ 11,87,41,250.00 രൂപയായി വർദ്ധിച്ചിട്ടുണ്ട്.

## 2. പ്രവർത്തന മൂലധനം

ബാങ്കിന്റെ പ്രവർത്തന മൂലധനം 6,58,57,91,652.00 രൂപ ആയിട്ടുണ്ട്.

## 3. ഡെപ്പോസിറ്റുകൾ

31.07.2024 ഫിക്സഡ്, റിക്കറിംഗ്, സേവിങ്ങ്സ്, കറന്റ് മുതലായവ സൂക്ഷിപ്പുകൾ 5,51,22,69,874.40 രൂപ ആണ്.

## 4. ബാങ്ക് കൊടുത്ത വായ്പകൾ

സ്വർണ്ണപണ്ടം, വസ്തു പണയം, ആൾജാമ്യം, നിക്ഷേപത്തിനുമേൽ വായ്പ എന്നീ ഇനങ്ങളിൽ ആകെ 3,11,85,94,618 രൂപ നിൽപ്പുണ്ട്.

## 5. ബാങ്കിന്റെ നിക്ഷേപങ്ങൾ

മറ്റു സഹകരണ സ്ഥാപനങ്ങളിൽ ഓഹരിയായി 6,40,000 രൂപയും ജില്ലാ ബാങ്കിലും മറ്റു ബാങ്കുകളിലും കാൾ, കറന്റ്, ഫിക്സഡ് സൂക്ഷിപ്പുകളിലായി 1,06,71,28,868.00 രൂപയും മ്യൂച്ചൽ ഫണ്ട് 13,00,00,000.00 രൂപയും കേന്ദ്രസംസ്ഥാന സർക്കാർ സെക്യൂരിറ്റികളിലായി 20,27,43,227.00 രൂപയും I.D.B.I ഓഹരിയിൽ 1,17,000.00 രൂപയും ബിൽഡിങ്ങ്സിൽ 42,47,08,363.00 രൂപയും ഫർണിച്ചർ & ഫിറ്റിംഗ്സിൽ 23,56,035.32 രൂപയും കമ്പ്യൂട്ടർ & പെരിഫറൽസിൽ 17,86,422.59 രൂപയും മറ്റുള്ളവയിലായി 46,06,085.57 രൂപയും നിക്ഷേപങ്ങളായിട്ടുണ്ട്.

| Appointment of Managing Director in Ottapalam Co-operative Urban Bank<br>Reporting for approval | |
|---|---|
| **Appointment of Managing Director** | Dr. M. Ramanunny is appointed as Managing Director vide Resolution No.5 dt.30-05-2024 of BOD. He had joined duty w.e.f 31-05-2024. Appointment order is issued subject to approval of RBI and General Body The RBI vide letter No.TVM.DOS.SED. No.S499/12.04.771/2024-25 dt.16-08- 2024 approved the appointment of Managing Director in terms of powers conferred vide Section 35B(1)(b) read with Section 56 of BR Act 1949.In this regard the appointment of Dr.M.Ramanunny as Managing Director of OCUB is placed before General Body for ratification. |

## COMPARATIVE STATEMENT OF PROGRESS OF THE WORKING OF THE OTTAPALAM CO-OPERATIVE URBAN BANK LTD. NO. F. 1647

| Year | No. of Members | Paid up share capital | Deposits | Loan Issues | Loan Outstanding | Working Capital | Reserve Fund & Other Reserves | Net Profit | Divident |
|---|---|---|---|---|---|---|---|---|---|
| 1979 - 80 | 4476 | 949763 | 12011440 | 12828450 | 8030194 | 13681091 | 973769 | 194336 | 10% |
| 1980 - 81 | 4793 | 1118358 | 16498849 | 17535634 | 10299937 | 18379283 | 1072511 | 204988 | 10% |
| 1981 - 82 | 5250 | 1327863 | 19016769 | 199773034 | 13931808 | 20349153 | 1245881 | 233001 | 10% |
| 1982 - 83 | 5623 | 1517563 | 22613452 | 20901437 | 15374374 | 23868488 | 1466951 | 279105 | 10% |
| 1983 - 84 | 5960 | 1747173 | 26265659 | 25482255 | 18753065 | 27714506 | 1834353 | 338244 | 10% |
| 1984 - 85 | 6505 | 1845378 | 31983220 | 30310520 | 21442988 | 33435349 | 1992141 | 300888 | 10% |
| 1985 - 86 | 7020 | 4917473 | 36661197 | 38392737 | 27427445 | 38251870 | 2093525 | 315067 | 10% |
| 1986 - 87 | 7775 | 1982323 | 40731316 | 44570003 | 31617163 | 42329819 | 1891776 | 329071 | 10% |
| 1987 - 88 | 8746 | 2054518 | 45713206 | 54560116 | 37696046 | 47495988 | 2031282 | 302416 | 10% |
| 1988 - 89 | 9544 | 2173788 | 48529285 | 48845941 | 38777950 | 50565357 | 2106214 | 312443 | 10% |
| 1989 - 90 | 10573 | 2271208 | 52763096 | 53899365 | 40431019 | 55884476 | 2981148 | 360117 | 10% |
| 1990 - 91 | 11385 | 2337388 | 56638622 | 63452032 | 45686021 | 59951125 | 2677046 | 375844 | 10% |
| 1991 - 92 | 11833 | 2473160 | 62629479 | 52850122 | 44744771 | 66112760 | 3407262 | 413557 | 10% |
| 1992 - 93 | 12363 | 2549585 | 68915144 | 65534879 | 44709515 | 72656821 | 4333390 | 481948 | 10% |
| 1993 - 94 | 13865 | 2903295 | 86759731 | 102381965 | 62215334 | 90999113 | 6821761 | 610313 | 12% |
| 1994 - 95 | 15357 | 3401210 | 92905341 | 127367330 | 80495893 | 96705403 | 8609676 | 958298 | 15% |
| 1995 - 96 | 17272 | 4290825 | 114963391 | 163133095 | 105757452 | 133867660 | 7282551 | 981515 | 15% |
| 1996 - 97 | 18081 | 4603125 | 152203022 | 168724110 | 114323297 | 158302285 | 9865370 | 990429 | 15% |
| 1997 - 98 | 18744 | 4923755 | 195178696 | 185160836 | 127131674 | 200803381 | 10625473 | 1023485 | 15% |
| 1998 - 99 | 21580 | 5800800 | 265350687 | 221359438 | 155963860 | 271694211 | 15786118 | 1181469 | 16% |
| 1999 - 2000 | 22392 | 6951800 | 358790104 | 296054540 | 207122950 | 366618211 | 18200483 | 1437983 | 16% |
| 2000 - 2001 | 23814 | 8241700 | 418631000 | 375446515 | 264325450 | 427236900 | 21267030 | 1659698 | 12% |
| 2001 - 2002 | 25501 | 9736310 | 513265970 | 427712315 | 322910300 | 523686700 | 35456814 | 1859539 | 10% |
| 2002 - 2003 | 26933 | 11258441 | 571828835 | 592430396 | 398871759 | 588994830 | 47200018 | 2257732 | 10% |
| 2003 - 2004 | 29083 | 13129941 | 644060744 | 733588689 | 471461856 | 670825507 | 70272312 | 2364324 | 10% |
| 2004 - 2005 | 30307 | 14480653 | 746079720 | 796752886 | 503932287 | 775865396 | 86785334 | 2624762 | 10% |
| 2005 - 2006 | 31339 | 16117052 | 834903024 | 822852006 | 536368233 | 1012308600 | 104709574 | 2911717.00 | 10% |
| 2006 - 2007 | 32594 | 18448546 | 909533252 | 948009480 | 601609174 | 1109842726 | 122632841 | 3171229.00 | 10% |
| 2007 - 2008 | 33769 | 20808635 | 1027963800 | 1106065240 | 644634397 | 1252528208 | 139976175 | 3402410.00 | 10% |
| 2008 - 2009 | 38397 | 23920735 | 1193756496 | 126737142 | 725139332 | 1445704318 | 141027154 | 10376466.00 | 10% |
| 2009 - 2010 | 41905 | 29075626 | 1396221442 | 1304612723 | 865313727 | 1701469986 | 161560457 | 11386478.23 | 10% |
| 2010 - 2011 | 43704 | 32391751 | 1665956980 | 1804564860 | 1060552725 | 1998162092 | 182776298 | 13494272.00 | 10% |
| 2011 - 2012 | 46025 | 38794099 | 2039684800 | 2208660810 | 1335202147 | 2373466813 | 201802940 | 14583448.39 | 12% |
| 2012 - 2013 | 47728 | 44326044 | 2432891812 | 2700312957 | 1598598720 | 2773156212 | 224938586 | 17531902.00 | 12% |
| 2013 - 2014 | 49367 | 48930419 | 2789084467 | 3101211242 | 1715964700 | 3165629985 | 230318430 | 19949345.48 | 12% |
| 2014 - 2015 | 50801 | 54971594 | 3108662078 | 300141146 | 1645552933 | 3513623919 | 235593479 | 15984323.03 | 12% |
| 2015 - 2016 | 53082 | 64969094 | 3450474727 | 1809210164 | 1819210164 | 3915670834 | 250968344 | 17962673.00 | 12% |
| 2016 - 2017 | 54447 | 77808194 | 3778663481.47 | 2692872470 | 2058311638.27 | 4302568369.13 | 249665392.34 | 25291482.21 | 10% |
| 2017 - 2018 | 55609 | 88861719 | 4057183333.99 | 3000336519 | 2335403284.83 | 4687871130 | 306642203.55 | 32711148.08 | 10% |
| 2018 - 2019 | 57089 | 99374594 | 4447846967 | 3266909850 | 2610564392.10 | 5137910636 | 338089500.13 | 34104825.25 | 10% |
| 2019 - 2020 | 59317 | 109690719 | 4908205046.99 | 3208460283 | 2883547377.39 | 5697281508 | 373516477.88 | 35207782.66 | 0 |
| 2020 - 2021 | 60725 | 114871844 | 5410792840.43 | 2599191461.36 | 3041667907.45 | 6239814019 | 427742600.54 | 20385095.11 | |
| 2021 - 2022 | 61844 | 117215694 | 5663297242.21 | 2856006889 | 3310748848.37 | 6542900693 | 414756415.44 | 20107415.89 | |
| 2022 - 2023 | 62671 | 119159644 | 5840850644.28 | 3139858357.59 | 3222155977.09 | 6815119675 | 468332981.33 | 37133296.16 | |
| 2023 - 2024 | 63662 | 116662575 | 5651413016.74 | 2912884159.39 | 3216764853.97 | 6686511245 | 510970377 | 29655617.50 | |




23.09.2023 ചേർന്ന് 86 വാർഷിക പൊതുയോഗത്തിൽ ബാങ്ക് ചെയർമാൻ ശ്രീ. ഐ.എം. സതീശൻ സംസാരിക്കുന്നു.



86ആം വാർഷിക പൊതുയോഗ സദസ്സ്



മെയിൻ ബ്രാഞ്ച് ന്യൂ ഗോൾഡ് ലോൺ കൗണ്ടർ ബഹു: ഒറ്റപ്പാലം എം.എൽ.എ. അഡ്വ. കെ. പ്രേംകുമാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.




ഒറ്റപ്പാലം കോ- ഓപ്പറേറ്റീവ് അർബൻ ബാങ്ക് വിജയോത്സവം 2024 ബഹു: തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.പി. രാജേഷ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.



30.11.2023 ന് ബ്രാഞ്ച് മാനേജർ ശ്രീ കെ പി മുരളീധരന്റെ യാത്രയയപ്പ് ചടങ്ങ്
ബഹു: നഗരസഭ ചെയർപേഴ്സൺ ശ്രീമതി. കെ. ജാനകി ദേവി ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.



28.02.2024 ന് ബ്രാഞ്ച് മാനേജർ
ശ്രീ. എൻ.പി. ഹരിയുടെ യാത്രയയപ്പ് ചടങ്ങിൽ നിന്ന്.




30.04.2024 ന് സീനിയർ ക്ലാർക്ക്
ശ്രീമതി. കെ. ഗീതയുടെ യാത്രയയപ്പ് ചടങ്ങ്
ബഹു: ബാങ്ക് ചെയർമാൻ രാജഗോപാലൻ
ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.



31.05.2024 ന് ജനറൽ മാനേജർ ശ്രീമതി. ടി.പി. സ്വമന്തകം, മാനേജർമാരായ എസ്. ആശ, സി. നളിനി,
പി. രമേഷ് എന്നിവരുടെ യാത്രയയപ്പ് ചടങ്ങ് ബഹു: എം.എൽ.എ .അഡ്വ. പ്രേംകുമാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു